# സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

**ഗവ. എൽ.പി.സ്കൂൾ, മറ്റത്തിൽ ഭാഗം**

**വടുതല ജെട്ടി**

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകലും എല്ലാ കുട്ടികൾക്കും നിലവിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കലും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാകുമെന്നുറപ്പാണ്. സ്കൂളിലെ സജീവമായ പി.ടി.എ, എം.പി.ടി.എ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെപേര് | : ജി.എൽ.പി.എസ് മറ്റത്തിൽഭാഗം |
| സ്കൂൾ കോഡ് | : 34 331 |
| മേൽവിലാസം | : വടുതല ജെട്ടി പി ഒ, ചേർത്തല ആലപ്പുഴ |
| പിൻകോഡ് | : 688535 |
| റവന്യൂ ജില്ല | : ആലപ്പുഴ |
| ഗ്രാമപഞ്ചായത്ത് | : അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : ചേർത്തല |
| സബ് ജില്ല | : തുറവൂർ |
| ക്ലാസുകൾ | : പ്രീ-പ്രൈമറി മുതൽ അഞ്ചാം ക്ലാസ് വരെ |

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ്, അറബിഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക. അതുവഴി മെച്ചപ്പെട്ട പഠന അനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തുക. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കുവാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണയിടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റുക.
- ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- വിദ്യാലയം ഹൈടെക്കാ ക്കി മാറ്റുക.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- മികച്ച ലൈബ്രറി, സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- കാർഷിക പ്രവൃത്തികൾ, ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് നൽകൽ.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു .
- കലാപഠനം, പ്രവൃത്തി പരിചയപഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മികച്ച ലാബ് ഇല്ല.
- കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- സ്ഥലപരിമിതി.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

- എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരംസൃഷ്ടിക്കുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- ആശയങ്ങൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- സ്വതന്ത്ര വായനക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- ക്ലാസ് തല വായനാ മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

**ഗണിതം**

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവയെല്ലാ കുട്ടികളിലും വളർത്തുക

**പരിസര പഠനം**

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

**പ്രവൃത്തിപരിചയം**

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി പ്രവർത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

**കലാപരിശീലനം**

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക,
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക

**അറബിക്**

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക
- ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരുടെ ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യം ഉറപ്പുവരുത്തുക

## ദിനാചരണങ്ങൾ

ജൂൺ 5 **പരിസ്ഥിതി ദിനം**

- പ്രവർത്തനങ്ങൾ
- പരിസ്ഥിതി ദിന ക്വിസ്
- പോസ്റ്റർ നിർമ്മാണം
- വൃക്ഷത്തൈ വിതരണം
- ചിത്രരചനാ മത്സരം

ജൂൺ 19 **വായനാദിനം**

- വായനാമത്സരം
- വായനാദിന പോസ്റ്റർ നിർമ്മാണം
- അമ്മ ലൈബ്രറി ഉദ്ഘാടനം
- അമ്മ വായന
- അമ്മ കുട്ടിയോട് കഥ പറയൽ
- അക്ഷരമരം

ജൂൺ 21 **അന്താരാഷ്ട്ര യോഗ ദിനം**

- യോഗ പരിശീലനം
- വീഡിയോ പ്രദർശനം
- യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസുകൾ സംഘടിപ്പിക്കൽ

ജൂൺ 26 **ലഹരി വിരുദ്ധ ദിനം**

- ലഹരി വിരുദ്ധ പ്ലക്കാർഡ്
- ലഹരി വിരുദ്ധ റാലി
- ലഹരി വിരുദ്ധ പ്രതിജ്ഞ
- സുംബാ ഡാൻസ്

ജൂലൈ 5 **ബഷീർ ദിനം**

- ബഷീർ കൃതികൾ പരിചയപ്പെടുത്തൽ
- കഥാപാത്രങ്ങളെ പരിചയപ്പെടുത്തൽ
- ബഷീർദിന ക്വിസ്
- പുസ്തക പരിചയം

ജൂലൈ 21 **ചാന്ദ്രദിനം**

- വീഡിയോ പ്രദർശനം നീലാം സ്ട്രോങ്ങുമായി അഭിമുഖം.
- ക്വിസ് മത്സരം.
- പോസ്റ്റർ രചന.

ആഗസ്റ്റ് 6 **ഹിരോഷിമ ദിനം**

- സഡാക്കോ കൊക്ക് നിർമ്മാണം

ആഗസ്റ്റ് 9 **നാഗസാക്കി ദിനം**

- യുദ്ധവിരുദ്ധ പോസ്റ്റർ
- പ്രസംഗം
- ക്വിസ് മത്സരം

ആഗസ്റ്റ് 15 **സ്വാതന്ത്ര്യ ദിനം**

- പ്രസംഗം
- കുട്ടികൾ സ്വാതന്ത്ര്യ സമര സേനാനികളുടെ വേഷം ധരിക്കൽ
- ദേശഭക്തിഗാനാലാപനം

സെപ്റ്റംബർ 5 **അധ്യാപകദിനം**

- കുട്ടികൾ അധ്യാപകരാവുക
- അധ്യാപക ആശംസ കാർഡ് നൽകൽ

സെപ്റ്റംബർ 14 **ഹിന്ദി ദിനം**

- ഹിന്ദി കവിതകൾ ആലപിക്കൽ
- പോസ്റ്റർ രചന

ഒക്ടോബർ 2 **ഗാന്ധിജയന്തി**

- ശുചീകരണ പ്രവർത്തനങ്ങൾ
- ഗാന്ധിജയന്തി പതിപ്പ്
- പ്രസംഗം

ഒക്ടോബർ 9 **ലോക തപാൽ ദിനം**

- പോസ്റ്റ് ഓഫീസ് സന്ദർശനം
- കത്ത് തയ്യാറാക്കൽ

നവംബർ 1 **കേരളപ്പിറവി**

- കേരളപ്പിറവി പ്രസംഗം

**അന്താരാഷ്ട്ര ശാസ്ത്ര ദിനം**

- പോസ്റ്റർ
- പ്രസംഗം

നവംബർ 14 **ശിശുദിനം**

- നെഹ്റു തൊപ്പി നിർമ്മാണം
- ശിശുദിന ഗാനങ്ങൾ
- ശിശുദിന പ്രസംഗം

ഡിസംബർ 3 **ഭിന്നശേഷി ദിനം**

- പോസ്റ്റർ നിർമ്മാണം
- കലാപരിപാടികൾ *ചിത്രരചന

ഡിസംബർ 24 **ഗണിത ദിനം**

- ഗണിത അസംബ്ലി സംഘടിപ്പിക്കൽ
- ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
- ഗണിത പാട്ടുകൾ

ജനുവരി 11 **ചിരി ദിനം**

- പുഞ്ചിരി മത്സരം

ജനുവരി 26 **റിപ്പബ്ലിക് ദിനം**

- പ്രസംഗം

ഫെബ്രുവരി 21 **മാതൃഭാഷാ ദിനം**

- അക്ഷര കാർഡുകൾ നിർമ്മിക്കൽ
- പ്രസംഗം

ഫെബ്രുവരി 28 **ശാസ്ത്ര ദിനം**

- ക്വിസ്
- ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ
- ലഘുപരീക്ഷണങ്ങൾ
- ശാസ്ത്ര ദിന പതിപ്പ്

**മേഖല : അക്കാദമികം** **സ്കൂൾ തലം**

**ഉപമേഖല : ഭാഷ (മലയാളം)** **ജൂൺ - മാർച്ച്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| ➢ എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുള്ള ശേഷി വികസനം<br>➢ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ പത്രവായന പരിപോഷിപ്പിക്കൽ ലേഖനം | ➢ ഒന്ന്, രണ്ട് ക്ലാസുകളിൽ വായനയ്ക്കായി ചിത്രകഥാ പുസ്തകങ്ങൾ നൽകുന്നു.<br>➢ മൂന്ന്, നാല് ക്ലാസുകളിൽ ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>➢ ക്ലാസ് നിലവാരത്തിനനുസരി | ➢ ദിവസവും<br>➢ അധ്യയനവർഷം മുഴുവനും | പിടിഎ |

| | | | |
|---|---|---|---|
| ➢ വിവിധ വ്യവഹാരങ്ങൾ ആസ്വദിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക<br>➢ ഭിന്ന ശേഷിക്കാരായ കുട്ടികളെ കൂടി ഉൾപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തന പാക്കേജ്<br>➢ അക്ഷരം തെറ്റ് കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ | ച്ച് പുസ്തകങ്ങൾ ലഭ്യമാക്കുക.<br>➢ സംയുക്ത ഡയറി<br>➢ ദിനാചരണവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരങ്ങളിൽ രചനകൾ നടത്തുന്നു.<br>➢ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കുട്ടി കവിതകളുടെയും കഥകളുടെയും രചനകൾ<br>➢ സർഗാത്മക ഡയറി<br>➢ പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ, | ➢ അധ്യയനവർഷം മുഴുവനും<br>➢ ജൂൺ ജൂലൈ<br>➢ ഓഗസ്റ്റ് സെപ്റ്റംബർ | |

| | | | |
|---|---|---|---|
| ➢ വിവിധ ഭാഷാ വ്യവഹാര രൂപങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ<br><br>➢ പഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കൽ | കവിത, യാത്രാനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>➢ വ്യത്യസ്ത തലങ്ങളിലുള്ള കുട്ടികളെ പരിഗണിക്കുന്നതിനായി വ്യത്യസ്ത ചിത്രങ്ങൾ നൽകി ചിത്രവിവരണം<br>➢ മലയാളത്തിളക്കം രീതി ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും തെറ്റു കൂടാതെ എഴുതുന്നു.<br>➢ ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത സർഗാത്മക | ➢ ഓഗസ്റ്റ്<br><br>➢ സെപ്റ്റംബർ | |

| | | | |
|---|---|---|---|
| | ഡയറികൾ പ്രസിദ്ധീകരിക്കുന്നു<br>➢ പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ, പാട്ടരങ്ങുകൾ തുടങ്ങിയവയിൽ വിദഗ്ധ നാടക കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാലകൾ നടത്തുന്നു<br>➢ പതാക നിർമ്മാണം<br>➢ സെപ്റ്റംബർ 5 അധ്യാപക ദിനവുമായി ബന്ധപ്പെട്ട പഴയകാല അധ്യാപകരുമായി അഭിമുഖം നടത്തുന്നു | ➢ ഒക്ടോബർ<br>➢ നവംബർ | |

| | | | |
|---|---|---|---|
| ➢ സർഗാത്മക പ്രകടനം | ➢ ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>➢ ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>➢ നവംബർ 1 കേരളപ്പിറവി പ്രസംഗം<br>➢ നവംബർ 14 ശിശുദിനം<br>➢ കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി സിപിടിഎ | ➢ അധ്യയന വർഷം മുഴുവൻ | |

**മേഖല : അക്കാദമികം** **സ്കൂൾ തലം**

**ഉപമേഖല : ഗണിതം** **ജൂൺ - മാർച്ച്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **സാമ്പത്തിക വിശകലനം** |
|---|---|---|---|
| ➢ ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ<br>➢ വൃത്തം ,ചതുരം ത്രികോണം ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>➢ ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ചിത്രങ്ങൾ രൂപീകരിക്കുന്നു.<br><br>➢ ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുന്നു .എഴുതുന്നു, വ്യാഖ്യാനിക്കുന്നു | ➢ വൃത്തം ,ചതുരം, ത്രികോണം എന്നീ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നു നിറം നൽകുന്നു<br>➢ ഈർക്കിൽ കമ്പുകൾ എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു<br>➢ ഒറിഗാമി,ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ, ജാമിതീയ രൂപങ്ങളുടെ പട്ടികപ്പെടുത്തൽ, ജാമിതീയ രൂപങ്ങളുടെ നിർമ്മാണം, ICT ഉപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ<br>➢ സംഖ്യകൾ തിരിച്ചറിയുന്നു, എണ്ണുന്നു, എഴുതുന്നു.<br>➢ സംഖ്യാ കാർഡ് നിർമ്മിക്കൽ<br>➢ മുത്തുകൾ, മഞ്ചാടി, ബഹുവർണ്ണ ടോക്കണുകൾ ചിത്രകാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ . | ജൂൺ | പിടിഎ അധ്യാപകൻ , കുട്ടികൾ |

| | | | |
|---|---|---|---|
| , താരതമ്യം ചെയ്യുന്നു.<br>➢ ഒന്നു മുതൽ 100 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം<br>➢ സംഖ്യാബോധം,<br>➢ സംഖ്യാ വ്യാഖ്യാനം ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നപരിഹരണം<br>➢ സമയം ,നീളം ,ഭാരം രൂപം എന്നിവയെ കുറിച്ചുള്ള ധാരണ | ➢ സങ്കലന വ്യാഖ്യാന കാർഡുകൾ ,ഗെയിം ബോർഡുകൾ, ഡൈസുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>➢ സങ്കലന പട്ടിക പ്രദർശനം സംഖ്യാ കാർഡുകൾ ആവർത്തനവായന, എഴുത്ത്, അബാക്കസ് പരിചയപ്പെടൽ, അബാക്കസ് നിർമ്മാണം, സ്ഥാനവില പോക്കറ്റ് നിർമ്മാണം ,ചിത്ര സഹായത്തോടെയുള്ള പഠനം ,പേപ്പർ കട്ടിങ്സ് ,സംഖ്യ കാർഡുകൾ തമ്മിൽ കൂട്ടി സങ്കലനം<br>➢ ഗ്രൂപ്പുകൾ കൂട്ടിച്ചേർന്ന് സങ്കലനം വ്യവകലനം ഗുണനം ഹരണം<br>➢ ഗുണന പട്ടിക പ്രദർശനം<br>➢ ഗുണന വസ്തുതകൾ ഉറപ്പിക്കൽ<br>➢ സംഖ്യ പാറ്റേണുകൾ നാണയങ്ങൾ കളിനോട്ടുകൾ എന്നിവ ഉപയോഗിച്ചുള്ള പഠനം മനക്കണക്കുകൾ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ മാർച്ച്<br><br>ഒക്ടോബർ | പിടിഎ, എസ് ആർ ജി, അധ്യാപകർ, കുട്ടികൾ |

| | | | |
|---|---|---|---|
| | ➢ ഏണിയും പാമ്പും ഡയസ് കളിയിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>➢ ഐസിടി ഉപയോഗിച്ച് സംഖ്യാബോധം സംഖ്യാ വ്യാഖ്യാനം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കൽ<br>➢ ക്ലോക്ക് പരിചയപ്പെടൽ<br>➢ ക്ലോക്ക് നിർമ്മാണം<br>➢ നീളം ഭാരം എന്നിവ ഊഹിക്കൽ കണ്ടെത്തൽ<br>➢ കലണ്ടർ പരിചയപ്പെടൽ<br>➢ ചുറ്റുപാടും കാണുന്ന വസ്തുക്കളുടെ നീളം ഭാരം എന്നിവ അളക്കൽ<br>➢ യൂണിറ്റ് പരിചയപ്പെടൽ അളവ് പാത്രങ്ങൾ പരിചയപ്പെടൽ<br>➢ മീറ്റർ സ്കെയിൽ പരിചയപ്പെടൽ സെൻറീമീറ്റർ മീറ്റർ മില്ലിമീറ്റർ, ലിറ്റർ ,ഗ്രാം കിലോഗ്രാം തുടങ്ങിയ യൂണിറ്റുകൾ പരിചയപ്പെടൽ<br>➢ ഐസിടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | നവംബർ ഡിസംബർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു.<br>, | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

**മേഖല : അക്കാദമികം** **സ്കൂൾ തലം**

**ഉപമേഖല : പരിസര പഠനം** **ജൂൺ - മാർച്ച്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ➢ ശാസ്ത്രപ്രക്രിയ ശേഷി വികസിക്കുക<br>➢ ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക<br>➢ ജീവിത സാഹചര്യങ്ങളിൽ നിന്ന് ശാസ്ത്രത്തെ നീ തിരിച്ചറിയൽ<br>➢ പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ<br>➢ ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ | ➢ പരീക്ഷണക്കളരി<br>➢ വീട്ടിൽ ലഘുപരീക്ഷണശാല ഒരുക്കുന്നതിന്റെ ഭാഗമായി ക്ലാസ്സിൽ ഒരു പരീക്ഷണ മൂല സജ്ജമാക്കുന്നു.<br>➢ കണ്ടലുകൾ കണ്ടറിയാം<br>➢ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ കണ്ടലുകൾ തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യുന്നതിന് തീരദേശ കണ്ടൽക്കാടുകളിലേക്ക് യാത്ര നടത്തുന്നു<br>➢ ശാസ്ത്രവിസ്മയച്ചുമർ<br>➢ പാഠഭാഗവുമായി ബന്ധപ്പെട്ടതും | ജൂൺ - മാർച്ച് | ശാസ്ത്ര അധ്യാപകൻ<br>സയൻസ് ക്ലബ്ബ്<br>ശാസ്ത്ര അധ്യാപകൻ<br>സയൻസ് ക്ലബ് അംഗങ്ങൾ<br>അക്കാദമിക സപ്പോർട്ട് ഗ്രൂപ്പ്<br>ഹെൽത്ത് ക്ലബ്ബ്<br>ശാസ്ത്ര അധ്യാപകൻ<br>ഐടി ക്ലബ്ബ് ശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രയോജനപ്പെടുത്തുക നിരീക്ഷണം അറിവ് നിർമ്മാണം<br>➢ ശാസ്ത്ര മൂല<br>➢ ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ<br>➢ ഭൂപടം ഒരുക്കാം<br>➢ കേരളം ,ഇന്ത്യ ഭൂപടം വായന സൂചിക പരിചയപ്പെടൽ. ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനം രസകരമാക്കാൻ ശാസ്ത്രോത്സവം ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | സമകാലികവുമായ വിവിധ വാർത്തകൾ/ ചിത്രങ്ങൾ പതിക്കുന്നു<br>➢ മുഖാമുഖം ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. അഭിമുഖം നടത്തുന്നു.<br>➢ ശാസ്ത്ര ലൈബ്രറി<br>➢ ഐസിടിയുടെ സഹായത്തോടെ ഡിജിറ്റൽ വിവരങ്ങൾ സ്ലൈഡ് ശേഖരണം പ്രദർശനം ഉള്ള വിഷയങ്ങൾ അനുഭവങ്ങളിൽ നിന്ന് കണ്ടെത്തി പ്രശ്നപരിഹാരം നിർദ്ദേശിക്കുന്നു<br>➢ ശാസ്ത്രജ്ഞരുടെ ജീവചരിത്രപ്രദർശനം | | പാഠഭാഗങ്ങളിലെ ആവശ്യാനുസരണം ശാസ്ത്ര അധ്യാപകൻ<br>ശാസ്ത്ര ക്ലാസ്<br>ദിനാചരണവുമായി ബന്ധപ്പെട്ട ആവശ്യാനുസരണം വർഷം മുഴുവൻ<br>സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | ➢ പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ<br>➢ ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>➢ ഭൂപട വായന ഭൂപടരചന , സൂചിക നിർമ്മാണം ഭൂപടം ഉപയോഗിക്കൽ<br>➢ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ<br>➢ പതിപ്പ് ,ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | | |

# ACADEMIC MASTER PLAN

## ENGLISH

**AIM:** To listen,speak,read, and write English without any mistake

| LEARNING OBJECTIVES | ACTIVITIES | TIME | SUPPORT SYSTEM | PRESENTATION |
|---|---|---|---|---|
| **1.LISTENING** | | | | |
| Ability to understand the language | • Narrate stories and simple conversations<br>• Follow the instructions<br>• Obey the classroom rules | EVERYDAY (JUNEMARCH) | CLASS TEACHER | CPTA |
| **2.SPEAKING** | | | | |
| Ability to communicate in English | • Self introduction<br>• simple descriptions<br>• Classroom interaction | EVERYDAY( JUNE-AUGUST) | CLASS TEACHER | ASSEMBLY |
| **3.READING** | | | | |
| To develop reading comprehension | • Read simple words and sentences<br>• Read and comprehend simple stories<br>• Newspaper reading<br>• Reading library books | JUNE-JULY<br>AUG-DEC<br>JAN-MARCH | CLASS TEACHER<br>CPTA | CPTA<br>ASSEMBLY<br>ENGLISH FEST |

| 4.WRITING | | | | |
|---|---|---|---|---|
| To develop writing skill | ➢ Write simple words and sentences<br>➢ Write simple conversations<br>➢ Picture description<br>➢ Diary writing<br>➢ Letter writing<br>➢ Story writing | JAN-MARCH | CLASS TEACHER | CPTA<br>SRG<br>PADANOSAVA M |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

മേഖല : അക്കാദമികം സ്കൂൾ തലം

ഉപമേഖല : ഭാഷ (അറബി) ജൂൺ - മാർച്ച്

| **അറബി** | | |
|---|---|---|
| ക്രമ നമ്പർ | കാര്യ ക്രമം/ലക്ഷ്യം | പ്രവർത്തനം |
| 1 | അറബിക് മധുരം<br>ലക്ഷ്യം<br>അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ<br>പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു<br>പ്രത്യേകം തയ്യാറാക്കിയ മോഡ്യൂളിൻെറ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് അറബിക് മധുരം ക്ലാസ് നൽകുന്നു. |
| 2 | വായനാലോകം<br>ലക്ഷ്യം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ<br>നല്ല വായനക്കാരാക്കുക | 1.തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി) പുസ്തകങ്ങൾ<br>ചിത്ര കഥ , കഥകൾ, കുട്ടിക്കവിതകൾ, ചെറിയ വിവരണ പുസ്തകങ്ങൾ, അറബിക് ക്വിസ്, ലൈബ്രറി പുസ്തകങ്ങൾ<br>2. ക്ലാസ്സ് വായന<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു പുസ്തകത്തിൻെറ ഒരു പേജ് ഉറക്കെ വായിക്കുന്നു.<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വെക്കുന്നു.<br>കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു. |
| 3 | ആസ്വാദന ലോകം | ആസ്വാദന സഭ<br>1.കുട്ടികൾക്ക് പാടാനും പറയാനുമുള്ള അവസരം. അറബി കവിതകളും കഥകളും ശ്രവിക്കാനും ആസ്വാദിക്കാനുമുള്ള അവസരം ഒരുക്കുന്നു.<br>2. കാഴ്ചയും കേൾവിയും<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫലിമുകളും എൽ.ഡി.സി പ്രോജക്ടറിൻെറ സഹായത്തോടെ |

| | | |
|---|---|---|
| | | കാണാനുള്ള അവസരം ഒരുക്കൽ |
| 4 | അനുഭവ ലോകം | വിദേശ ഭാഷാ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കപ്പെടുമ്പോഴാണ്. തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുന്നു.<br>പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ, പാട്ടുകൾ, കഥകൾ, സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം ഒരുക്കുന്നു. |
| 5 | പദപരിചയം<br>അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ ദിവസവും ഒരു പുതിയ അറബി പദം പരിചയപ്പെടുത്തുന്നു. |
| 6 | അറബിക് അസംബ്ലി | അറബിക് അസംബ്ലി സംഘടിപ്പിക്കുന്നു. ചെറിയ വാർത്തകളുടെ അവതരണം അറബിക് കുറിപ്പുകൾ തയ്യാറാക്കി വായിക്കൽ, പുസ്തകവും സാഹിത്യകാരൻമാരെയും പരിചയപ്പെടുത്തൽ |
| 7 | അറബിക് ഫെസ്റ്റ് | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാര്യപരിപാടികൾ<br>ഉദ്ഘാടനം<br>സമ്മാന വിതരണം<br>ആദരിക്കൽ<br>മികച്ച അറബിക് കലാ അവതരണം |
| 8 | നല്ല എഴുത്ത്<br>കുട്ടികളുടെ അറബി എഴുത്ത് നന്നാക്കാനുള്ള പരിപാടി | അറബി എഴുത്ത് രീതി കുട്ടികൾ പരിശീലിപ്പിക്കുന്നു.<br>ഓരോ കുട്ടിക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ നൽകി പരിശീലിപ്പിക്കുന്നു.<br>വർഷത്തിലൊരിക്കൽ കയ്യെഴുത്ത് മാഗസിൻ, ചുമർ പത്രിക എന്നിവ തയ്യാറാക്കുന്നു. |

## ഉപസംഹാരം

മറ്റത്തിൽഭാഗം ജിഎൽപി സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്